LIBRARY ARCHIVES Kerala Legislative Assembly

കുടുംബി സമുദായത്തെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്താനുള്ള ശിപാർശ

82(2118) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ - ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ സാമൂഹികമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന കുടുംബി സമുദായത്തെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്താൻവേണ്ടി സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിന് ശിപാർശ നൽകിയിട്ടുണ്ടോ?

ശിപാർശ നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത ശിപാർശയിന്മേൽ സ്വീകരിക്കപ്പെട്ടിട്ടുള്ള നടപടികൾ എന്തെന്ന് വിശദമാക്കാമോ;

(സി) ഇതുസംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ കിർത്താഡ്സിനെ ചുമതലപ്പെടുത്തിയിട്ടുണ്ടോ?

(ബി&സി) കേന്ദ്ര സാമൂഹ്യനീതിയും ശാക്തീകരണവും മന്ത്രാലയം ലഭ്യമാക്കിയ പ്രൊഫോർമയുടെ അടിസ്ഥാനത്തിൽ കുടുംബി സമുദായത്തെക്കുറിച്ചുള്ള അധിക വിവരങ്ങൾ ലഭ്യമാക്കുവാൻ കിർത്താഡ്സിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) ആയത് സംബന്ധിച്ച് കിർത്താഡ്സ് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ; പ്രസ്തുത റിപ്പോർട്ടിൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ?

ഇല്ല.

(ഇ) ഇല്ലെങ്കിൽ പ്രസ്തുത റിപ്പോർട്ട് അടിയന്തരമായി സമർപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

കുടുംബി സമുദായത്തിന്റെ എത്നോഗ്രാഫി ശേഖരിച്ചിട്ടുണ്ട്. ആർക്കൈവൽ രീതിശാസ്ത്രം, എത്നോഗ്രാഫിക് രീതിശാസ്ത്രം എന്നിവ സമന്വയിപ്പിച്ചുകൊണ്ട് പഠനം നടത്തിവരുന്നു. ആചാരാനുഷ്ഠാനങ്ങൾ, കലാരൂപങ്ങൾ എന്നിവയുടെ വിശദാംശങ്ങൾ ശേഖരിക്കുന്നതിനായി അർദ്ധ പങ്കാളിത്ത രീതിശാസ്ത്രം അവലംബിച്ചുള്ള പഠനവും നടന്നുവരുന്നു.